5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച വിദഗ്ധ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. വനവിഭവ ശേഖരണത്തിൽ ഏർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

ശ്രീമതി എസ്. കുഞ്ഞമ്മയുടെ അപേക്ഷ

217 (3324) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റെയിഞ്ചറായി വിട്ടർ തടി ഡിപ്പോയിൽ ജോലി നോക്കുന്ന ശ്രീ. കെ. കൊച്ചുകോശിയുടെ അമ്മ കൊട്ടാരക്കര കിഴക്കേതെരുവിൽ തെക്കേവീട്ടിൽ എസ്. കുഞ്ഞമ്മ തന്റെ മകന് പ്രൊബേഷൻ ഡിക്ലയർ ചെയ്യാനും പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്താനും ആവശ്യപ്പെടുന്ന 7-1-2016-ലെ അപേക്ഷ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. കൊച്ചുകോശി സർവ്വീസിനിടയിൽ എന്തെങ്കിലും കേസ്സിൽപ്പെടുകയും പ്രസ്തുത കേസ് തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ശ്രീ. കൊച്ചുകോശി തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ 31-5-2016-ൽ റിട്ടയർ ചെയ്യും എന്ന വസ്തുത പരിശോധിച്ചിട്ട് ശ്രീ. കൊച്ചുകോശിയുടെ പ്രൊബേഷൻ ഉടൻ ഡിക്ലയർ ചെയ്യാനും അദ്ദേഹത്തിന് ലഭിക്കാനുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താനും അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കൊച്ചുകോശിയുടെ പേരിൽ 5 അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു. നിലവിൽ രണ്ട് കേസ്സുകളിൽ അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി & ഇ) ശ്രീ. കൊച്ചുകോശി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാന്റെ പേരിൽ അച്ചടക്കനടപടികൾ നിലനിൽക്കുന്നതിനാലും വർക്ക് ആന്റ് കോൺഡാക്ട് തൃപ്തികരമല്ലാത്തതിനാലുമാണ് പ്രൊബേഷൻ പ്രഖ്യാപിക്കാൻ സാധിക്കാത്തത്.

ബേഡൂർ ഫോറസ്റ്റ് റോഡ്

218 (3325) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ബേഡൂർ ഫോറസ്റ്റ് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ എളേരി റിസർവ് വനത്തിലൂടെ കടന്നുപോകുന്ന വെസ്റ്റ് എളേരി-ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ് ബേഡൂർ-കമ്പല്ലൂർ റോഡ്. 3.2 കിലോമീറ്റർ നീളമുള്ള ഈ റോഡിന്റെ 1.560 കിലോമീറ്റർ കടന്നുപോകുന്നത് വനത്തിലൂടെയാണ്. വർഷങ്ങൾക്കുമുമ്പ് ടാർ ചെയ്ത ഈ റോഡിന് വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടാതെ അറ്റകുറ്റപ്പണി നടത്താവുന്നതാണെന്ന് 16-1-2015-ന് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെയായിട്ടും ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly